പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5826 — 30.07. 2015 ൽ മറുപടിക്ക്

വൈദ്യുതി കുടിശ്ശിക തുക

ചോദ്യം

ശ്രീമതി കെ.എസ്.സലീഖ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ കാലയളവിൽ വൈദ്യുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ 2011-12 മുതൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും എത്ര പേരുടെ കണക്ഷൻ കട്ട് ചെയ്തു; എത്ര പേരുടെ കണക്ഷൻ ഏതെല്ലാം സർക്കാർ ഉത്തരവുകൾ പ്രകാരം കട്ട് ചെയ്തില്ല; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) വിശദാംശങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു.<br>ആരോഗ്യ വകുപ്പിന് കിഴിലുള്ള കിടത്തി ചികിൽസയുള്ള ആശുപത്രികൾ, വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൌസുകൾ പോലിസ് ഡിപ്പാർട്ട്മെന്റ് ഓഫീസുകൾ , കൃഷിഭവൻ മുഖേന പണമടയ്ക്കുന്ന കാർഷിക കണക്ഷനുകൾ, കേന്ദ്രികൃത രിതിയിൽ പണമടയ്ക്കുന്ന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് കണക്ഷനുകൾ , ട്രൈബൽ കോളനികൾ, കോട്ടയം ജില്ലയിലെ കൈപ്പുഴ വെച്ചൂർകായൽ കർഷക സഹകരണ സംഘം എന്നിവ യുടെ വൈദ്യുതി കണക്ഷൻ കട്ട് ചെയ്തിട്ടില്ല. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം പത്രമാധ്യമ മേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ വൈദ്യുതി കുടിശ്ശിക വന്നിട്ടുണ്ട് ; എന്ത് നടപടി സ്വീകരിച്ചു 2011 - 12 മുതൽ നാളിതുവരെയുള്ള വിശദാംശം ലഭ്യമാക്കുമോ ; | (ബി) 31.03.2015 – ലെ കണക്കുപ്രകാരം കുടിശ്ശികവരുത്തിയ പത്രമാധ്യമ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്. |

| ക്രമ നംമ്പർ | ലഗസി നംമ്പർ | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക രൂപയിൽ |
|---|---|---|---|
| 1. | 8/801 | മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കൊച്ചി | 7471303 |
| 2. | 10/1056 | രാഷ്ട്ര ദീപിക, കൊച്ചി | 12765533 |
| 3. | 28/22/2255 | മംഗളം പബ്ളിക്കേഷൻ, കോട്ടയം | 10501697 |

| | |
|---|---|
| | മേൽ പരാമർശിച്ചിട്ടുള്ള കുടിശ്ശിക തുകകൾ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വ്യവഹാരം നിലനിൽക്കുന്നതിനാൽ ഇവയുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുവാൻ കഴിഞ്ഞിട്ടില്ല. കോടതിയുടെ തീർപ്പിനു വിധേയമായി മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) കുടിശ്ശിക വരുത്തിയ ഏതെല്ലാം സ്ഥാപനങ്ങൾ/ഉപഭോക്താക്കൾ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു എന്നും, 2011 – 12 മുതൽ 2015-16 വരെ ഓരോ വർഷവും സർക്കാരും/വകുപ്പും എന്തു നടപടികൾ സ്വീകരിച്ചു എന്നും, ഇതിലൂടെ വകുപ്പിനു ലഭിച്ച നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ ; | (സി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച്, റവന്യൂ റിക്കവറി നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. നിലവിൽ വിവിധ ജില്ലകളിലായി എച്ച് റ്റി/ഇ എച്ച് റ്റി വിഭാഗത്തിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന 122 സ്ഥാപനങ്ങളാണ് ഉള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിൽതന്നെ നിലവിൽ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട കേസുകളും ഉണ്ട്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ സർക്കിൾ കേന്ദ്രീകരിച്ച്, കളക്ടർ/തഹസിൽദാർ തലത്തിൽ നടക്കുന്ന അവലോകന യോഗത്തിൽ റിക്കവറി സമയബന്ധിതമായി നടത്തിയെടുക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നുണ്ട്. ഇത്തരം കേസുകളിൽപ്പെട്ട ഉപഭോക്താക്കൾ ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിലൂടെ (കുടിശ്ശിക പിരിച്ചെടുക്കാൻ പ്രഖ്യാപിക്കുന്ന പലിശ നിരക്കിൽ ഇളവുകൾ നൽകുന്ന പദ്ധതി) കുടിശ്ശിക അടച്ച് റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവായിട്ടുണ്ട്. 2011 മുതൽ നാളിതുവരെ 5.76 കോടി രൂപ ഈ ഇനത്തിൽ എച്ച് റ്റി/ഇ എച്ച് റ്റി വിഭാഗത്തിൽ നിന്നും കിട്ടിയിട്ടുണ്ട്.<br><br>എൽ.റ്റി വിഭാഗത്തിൽ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വികരിയ്ക്കപ്പെട്ട ഉപഭോക്താക്കളുടെ ലിസ്റ്റും പിരിച്ചെടുത്ത തുകയും **അനുബന്ധം-2** ആയി ചേർക്കുന്നു. |

| | |
|---|---|
| (ഡി) വിവിധ കോടതികളിലായി എത്ര കോടി തുകയുടെ കുടിശ്ശിക കേസുകൾ കെട്ടിക്കിടക്കുന്നു എന്നും, ഇവ കൈകാര്യം ചെയ്യാനായി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു എന്നും 2011 – 12 മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ചെലവുകൾ വകുപ്പിനുണ്ടായി എന്നും വ്യക്തമാക്കുമോ; | (ഡി) എൽ.റ്റി വിഭാഗത്തിൽ വിവിധ കോടതികളിലായി 4841.7 ലക്ഷം രൂപയുടെ കുടിശ്ശിക കേസ്സുകൾ തീർപ്പ് കല്പിക്കുന്നതിനായി ഉണ്ട്. 31.03.2015- ലെ ത്രൈമാസ കണക്കുപ്രകാരം എച്ച് റ്റി/ഇ എച്ച് റ്റി വിഭാഗത്തിൽ കേസുകളിൽ ഉൾപ്പെട്ടിരിക്കുന്ന ആകെ തുക 346.26 കോടി രൂപയാണ്. വിവിധ കോടതികളിൽ നിലവിലുള്ള ഇത്തരം കേസുകളുടെ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് കൈക്കൊള്ളുന്നുണ്ട്.<br><br>2011-12 വർഷം മുതൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കേസുനടത്തിപ്പിനായി ചെലവഴിച്ച തുക താഴെ കൊടുത്തിരിക്കുന്നു.<br><br>2011-12 ₹ 44,66,000/-<br>2012-13 ₹ 53,28,000/-<br>2013-14 ₹ 47,28,000/-<br>2014-15 ₹ 47,28,000/-<br>2015-16 ₹ 23,64,000/- |
| (ഇ) ഇത്തരം കേസ്സുകളിൽ 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ എത്ര തുകയുടെ സ്റ്റേ അനുവദിച്ചു ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നത് തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്